പ്രവർത്തനങ്ങൾ എവിടെവരെയെത്തി എന്നത് സംബന്ധിച്ച് ഇപ്പോഴും അനിശ്ചിതത്വം നിലനിൽക്കുകയാണ്. 1532 വില്ലേജുകളിൽ എത്രയെണ്ണത്തിൽ റീ-സർവ്വേ പൂർത്തീകരിച്ചു. കണ്ടെത്തിയിട്ടുള്ള വില്ലേജുകളിൽ ഭൂമി മിച്ചഭൂമി കണക്കാക്കപ്പെട്ടിട്ടുണ്ടോ ; ഇത് ഏതെങ്കിലും വ്യക്തിയുടെ കൈവശമാണോ ; ഗവൺമെന്റിന്റെ കൈവശമുള്ള ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് വ്യക്തമായ പരിശോധനയും റിപ്പോർട്ടുകളും ഗവൺമെന്റിന്റെ കൈവശമുണ്ടോ; അതൊന്ന് വിശദീകരിക്കാമോ ?

ശ്രീ. അടൂർ പ്രകാശ് : സർ, വില്ലേജുകൾ 1634 ആണ്. 1532 അല്ല. പുതിയ വില്ലേജുകൾകൂടി വന്നപ്പോൾ അത് 1664 ആയിട്ടുണ്ട്. 1965-ൽ ആരംഭംകുറിച്ച റീസർവ്വേ പ്രവർത്തനങ്ങളിലൂടെ 864 വില്ലേജുകളുടെ റീ-സർവ്വേ പ്രവർത്തനംമാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളു. ബാക്കി 770 വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനെന്നുള്ള നിലയിൽ ഞാൻ ഈ സഭയിൽ ഒരു റിപ്പോർട്ട് സമർപ്പിച്ചിരുന്നു. സബ്ജക്ട് കമ്മിറ്റിയിൽപ്പെട്ട ബഹുമാനപ്പെട്ട അംഗങ്ങളും ഞങ്ങളെല്ലാവരുംകൂടി മറ്റ് 4 സംസ്ഥാനങ്ങളിൽ പോയി പഠിച്ചതിനുശേഷംവച്ച റിപ്പോർട്ടാണത്. ബാക്കി 770 വില്ലേജുകളിലെ റീ-സർവ്വേ പൂർത്തീകരിക്കണമെങ്കിൽ 60 വർഷമെങ്കിലും ഇനിയും വേണ്ടിവരും. ഭരണ-പ്രതിപക്ഷത്തുള്ള എല്ലാവരും ഒത്തുചേർന്നുകൊണ്ട് ഒരു തീരുമാനത്തിലെത്തിയാൽ ഇത് 3 വർഷത്തിനുള്ളിൽ പൂർത്തീകരിക്കത്തക്ക രീതിയിൽ ഒരു തീരുമാനം കൈക്കൊള്ളാൻ കഴിയും. എങ്കിൽമാത്രമേ കേരളത്തിലെ ഭൂപ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണാൻ കഴിയുകയുള്ളൂ.

(ചോദ്യോത്തര സമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**ഭൂനിയമങ്ങളുടെ പരിഷ്കരണം സംബന്ധിച്ച് കേന്ദ്രസർക്കാർ നിർദ്ദേശം**

4 (*394) ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂനിയമങ്ങളുടെ പരിഷ്കരണം സംബന്ധിച്ച് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് പുറപ്പെടുവിച്ച കരടുരേഖ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം പരിശോധിച്ചിട്ടുണ്ടോ ; വിശദവിവരം നൽകാമോ ;

(സി) നിലവിലെ ഭൂപരിഷ്കരണ നിയമവ്യവസ്ഥകളിൽനിന്നും ഈ നിർദ്ദേശങ്ങളിൽ എന്തൊക്കെ വ്യത്യാസങ്ങളുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതുസംബന്ധിച്ച് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഉണ്ട്.

(ബി&സി) പരിശോധിച്ചുവരുന്നു. കേരള ഭൂപരിഷ്കരണ നിയമം, 1963 സെക്ഷൻ 82 പ്രകാരം, ഒരു അംഗം മാത്രമുള്ള കുടുംബത്തിന് പരമാവധി 7.5 ഏക്കർ ഭൂമിയും 5 അംഗങ്ങൾ വരെയുള്ള കുടുംബത്തിന് പരമാവധി 15 ഏക്കർ ഭൂമിയും 5 അംഗങ്ങളിൽ കൂടുതലുള്ള കുടുംബത്തിന് പരമാവധി 20 ഏക്കർ ഭൂമിയും കൈവശം വയ്ക്കാവുന്നതാണ്. കെ.എൽ.ആർ. ആക്ട് സെക്ഷൻ 81 പ്രകാരം 1-4-1964-ന് മുമ്പ് നിലവിലുണ്ടായിരുന്ന കാപ്പി, ഏലം കൊക്കോ, റബ്ബർ, തേയില മുതലായ തോട്ടങ്ങൾക്ക് സീലിംഗ് പരിധിയിൽനിന്നും ഇളവ് നൽകിവരുന്നു. (വിസ്തീർണ്ണം ബാധകമല്ല.)

കെ.എൽ.ആർ. ആക്ട് സെക്ഷൻ 81(3) പ്രകാരം, സർക്കാരിന്റെ വിവേചനാധികാരത്തിന്റെ അടിസ്ഥാനത്തിൽ പൊതുതാൽപ്പര്യം മുൻനിർത്തി വാണിജ്യം, വ്യവസായം, വിദ്യാഭ്യാസം, മതം, ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻ എന്നിവയുടെ ആവശ്യത്തിനായുള്ള ഭൂമിയെ സീലിംഗ് പരിധിയിൽനിന്നും ഒഴിവാക്കുന്നതിന് വ്യവസ്ഥയുണ്ട്.

എന്നാൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ദേശീയ ഭൂപരിഷ്കരണ (കരട്) രേഖയിൽ വ്യക്തികൾക്ക് കൈവശം വയ്ക്കാവുന്ന ഭൂമി, ജലസേചന സൗകര്യമുള്ള പ്രദേശങ്ങളിൽ 5-10 ഏക്കറിൽ കൂടുതലും ജലസേചന സൗകര്യം ഇല്ലാത്ത സ്ഥലങ്ങളാണെങ്കിൽ 10-15 ഏക്കറിൽ കൂടുതലുമാണെങ്കിൽ സംസ്ഥാനങ്ങൾ സീലിംഗ് പരിധി പുനഃപരിശോധിക്കേണ്ടതാണെന്നും മത, വിദ്യാഭ്യാസ, ചാരിറ്റബിൾ, ഗവേഷണ-വ്യവസായ സ്ഥാപനങ്ങൾക്കും തോട്ടവിളകൾക്കും നൽകിവരുന്ന ഇളവ് തുടരേണ്ടതില്ലായെന്നും ആയതിലേക്കായി 15 ഏക്കർ ഭൂമിയിൽക്കൂടുതൽ അനുവദിക്കേണ്ടതില്ലായെന്നും നിർദ്ദേശം ഉണ്ട്. സംസ്ഥാനങ്ങൾ ഏകജാലക സംവിധാനംവഴി നിശ്ചിത സമയത്തിനുള്ളിൽ മിച്ചഭൂമി പുനഃവിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് കരടുരേഖയിൽ പരാമർശിക്കുന്നു. കൂടാതെ വസ്തുക്കൾ നടത്തിപ്പിനായോ പാട്ടം വ്യവസ്ഥയിലോ ഏറ്റെടുക്കുന്നവർക്കും സീലിംഗ് പരിധി ബാധകമാക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്.

**ദേശീയ-സംസ്ഥാന-ജില്ലാ റോഡുകൾക്ക് അന്തർദേശീയ നിലവാരം**

5 (*395) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ-സംസ്ഥാന-ജില്ലാ റോഡുകളെ അന്തർദ്ദേശീയ നിലവാരത്തിൽ പരിഷ്കരിക്കുന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly